**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2982** **13-10-2021 - ൽ മറുപടിയ്ക്ക്**

**പൂന്താനം സ്മാരക കെട്ടിടത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിലെ കീഴാറ്റൂരിൽ പൂന്താനം സ്മാരക കെട്ടിടത്തിന്റെ നിർമ്മാണം പാതി വഴിയിൽ നിലച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേരി നിയോജക മണ്ഡലത്തിലെ കീഴാറ്റൂരിൽ പ്രവർത്തിക്കുന്ന പൂന്താനം സ്മാരക സമിതിയുടെ നിയന്ത്രണത്തിലുള്ള പൂന്താനം സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാരിലെ ടൂറിസം വകുപ്പാണ് നടപടി സ്വീകരിച്ച് വരുന്നത്. 25/03/2017 – ലെ സർക്കാർ ഉത്തരവ് നം.165/2017/ടൂറിസം പ്രകാരം പൂന്താനം സാംസ്കാരിക നിലയം ഫേസ്-2 എന്ന പദ്ധതിയ്ക്ക് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മലപ്പുറം ഡി.റ്റി.പി.സി-യെ ഇതിന്റെ എക്സിക്യൂട്ടിങ് ഏജൻസിയായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി 31/05/2017-ന് മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രയെ മലപ്പുറം ജില്ലാ ഡി.റ്റി.പി.സി ചുമതലപ്പെടുത്തിയിട്ടുണ്ട്. സെമിനാർ ബിൽഡിംഗ്, ടോയ് ലറ്റ് ബ്ലോക്ക്, ഗ്രീൻ റൂം, എൻടൻസ് ഗേറ്റ് എന്നിവയാണ് പ്രധാന ഘടകങ്ങൾ. ഈ പദ്ധതിയ്ക്കായി ടൂറിസം വകുപ്പ് ഒന്നാം ഘട്ടമായി 18//05/2017-ൽ 18 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 17,21,779/- രൂപയും 29/11/2020-ൽ മലപ്പുറം ഡി.റ്റി.സി.പി-യ്ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നിലക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | കോവിഡ് 19-മായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാരണമാണ് പദ്ധതി പ്രവർത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നത്. |
| (സി) | പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | രണ്ട് മാസം മുൻപ് നിർമ്മാണ പ്രവർത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 40 % പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ച്ചറൽ വർക്കുകൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇൻറീരിയർ ഫിനിഷിംഗ് വർക്കുകൾ ആണ് കൂടുതൽ അവശേഷിക്കുന്നത്. പ്രവൃത്തി 4 മാസത്തിനകം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാൻ കഴിയുമെന്ന് മലപ്പുറം ജില്ലാ നിർമ്മിതി ക്രേന്ദ്രം അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്ന് പുനരാരംഭിക്കും; എന്നത്തേക്ക് പൂർത്തീകരിക്കും; വിശദമാക്കാമോ? | (ഡി) | രണ്ട് മാസം മുൻപ് നിർമ്മാണ പ്രവർത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 40 % പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ച്ചറൽ വർക്കുകൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇൻറീരിയർ ഫിനിഷിംഗ് വർക്കുകൾ ആണ് കൂടുതൽ അവശേഷിക്കുന്നത്. പ്രവൃത്തി 4 മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ